**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2760** **07.12.2018-ൽ മറുപടിയ്ക്ക്**

**രാജീവ് ഗാന്ധി നാഷണൽ ഫെല്ലോഷിപ്പ്**

| **ചോദ്യം:** | | **മറുപടി:** | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികളുടെ ഉന്നതപഠനത്തിന് നൽകി വരുന്ന രാജീവ് ഗാന്ധി നാഷണൽ ഫെല്ലോഷിപ്പ് (ആർ. ജി. എൻ. എഫ്. ) കഴിഞ്ഞ രണ്ട് വർഷമായി അർഹതപ്പെട്ടവർക്ക് ലഭിക്കാത്ത സാഹചര്യമുണ്ടോ; | (എ)<br>&<br>(ബി)<br>&<br>(സി)<br>&<br>(ഡി) | രാജീവ് ഗാന്ധി നാഷണൽ ഫെല്ലോഷിപ്പ് പട്ടികജാതി വികസന വകുപ്പ് വഴി നൽകുന്ന സ്കോളർഷിപ്പല്ല. അപേക്ഷ സ്വീകരിക്കുന്നതും ഫെല്ലോഷിപ്പ് വിതരണം ചെയ്യുന്നതും യു. ജി. സി നേരിട്ടാണ്. എം. ഫിൽ, ഗവേഷണ വിദ്യാർത്ഥികൾക്കാണ് ഈ പദ്ധതിയിൽ ഫെല്ലോഷിപ്പ് അനുവദിക്കുന്നത്. ആയതിനാൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ സംസ്ഥാന സർക്കാരിൽ ലഭ്യമല്ല. |
| (ബി) | മുൻ വർഷങ്ങളിൽ സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികളിൽ യഥാക്രമം എത്ര പേർക്കാണ് ഈ ആനുകൂല്യം നൽകിയിരുന്നത്; | | |
| (സി) | യു.ജി.സി.യും ബന്ധപ്പെട്ട മന്ത്രാലയവും ഇത് സംബന്ധമായ വിജ്ഞാപനം ഇറക്കാത്ത സാഹചര്യമുണ്ടോ; | | |
| (ഡി) | ആനുകൂല്യം പുന:സ്ഥാപിച്ച് കിട്ടാൻ സംസ്ഥാന സർക്കാർ ഇതിനകം നടത്തിയ ശ്രമങ്ങൾ എന്തൊക്കെ;എന്നത്തേക്ക് ഇത് പുന:സ്ഥാപിക്കാനാകും എന്നാണ് കരുതുന്നത്;വിശദാംശങ്ങൾ നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**